2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ.

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനു മുന്നിൽ നിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

(2) 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ സാമൂഹ്യനീതിയും സംബന്ധിച്ച XIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

അഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു നിയമമാണ്. നമ്മുടെ സ്റ്റേറ്റിലെ 26 ശതമാനം വരുന്ന മുന്നോക്ക വിഭാഗത്തിലെ ജനങ്ങൾക്ക് നിലവിൽ ഒരു പ്രത്യേക പരിഗണനയും ലഭിക്കുന്നില്ല. ഇവരിലെ പിന്നോക്ക വിഭാഗങ്ങൾക്കും മതന്യൂനപക്ഷങ്ങൾക്കുമായി പലവിധത്തിലുള്ള സ്കീമുകളുണ്ട്. സംസ്ഥാനത്തെ 26 ശതമാനം വരുന്ന മുന്നോക്ക വിഭാഗത്തിൽ നല്ലൊരു പങ്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ്. മുന്നോക്ക വിഭാഗത്തിലെ പിന്നോക്കക്കാർക്ക് പ്രയോജനകരമായ പരിപാടികൾ കൊണ്ടുവരുന്നതിന് ഗവൺമെന്റ് തീരുമാനമെടുത്തതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ ഒരു ഓർഡിനൻസ് കൊണ്ടുവന്നിരുന്നു. അത് നിയമമാക്കി മാറ്റാനാഗ്രഹിക്കുന്നു. അതിനുവേണ്ടിയുള്ള ബിൽ അവതരിപ്പിക്കുകയാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ നിരാകരണ പ്രമേയവും ഭേദഗതികളും അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ സാമൂഹ്യസേവനം സംബന്ധിച്ച XIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥ് നോട്ടീസ് നൽകിയിട്ടുള്ള ചട്ടം 130 പ്രകാരമുള്ള ഉപക്ഷേപം മറ്റൊരു ദിവസത്തേയ്ക്ക് മാറ്റുന്നു.

ഓർഡർ..... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്

(2015 ഡിസംബർ മാസം 4-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ രാവിലെ 11.27-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly